എ.വൈ.ആർ

സൂറ-11

# ഹൂദ്

۞وَإِلَىٰ ثَمُودَ أَخَاهُمْ صَٰلِحًا ۚ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم
مِّنْ إِلَٰهٍ غَيْرُهُۥ ۖ هُوَ أَنشَأَكُم مِّنَ ٱلْأَرْضِ وَٱسْتَعْمَرَكُمْ فِيهَا فَٱسْتَغْفِرُوهُ
ثُمَّ تُوبُوٓا۟ إِلَيْهِ ۚ إِنَّ رَبِّى قَرِيبٌ مُّجِيبٌ ﴿٦١﴾

**61** സമൂദ് വർഗത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെ നിയോഗിച്ചു. അദ്ദേഹം പ്രഘോഷിച്ചു; എന്റെ സമുദായമേ, അല്ലാഹുവിന് അടിമപ്പെടുവിൻ. നിങ്ങൾക്ക് അവനല്ലാതെ ദൈവമേതുമില്ല. അവനാണല്ലോ നിങ്ങളെ ഭൂമിയിൽനിന്ന് ഉളവാക്കിയതും അതിൽ വസിപ്പിച്ചതും. ആകയാൽ അവനോട് പാപമുക്തി തേടുവിൻ എന്നിട്ട് അവങ്കലേക്കു മടങ്ങിച്ചെല്ലുവിൻ. എന്റെ നാഥൻ പ്രാർഥനക്കുത്തരം നൽകുന്ന സമീപസ്ഥനാകുന്നു.

قَالُوا۟ يَٰصَٰلِحُ قَدْ كُنتَ فِينَا مَرْجُوًّا قَبْلَ هَٰذَآ ۖ أَتَنْهَىٰنَآ أَن نَّعْبُدَ مَا يَعْبُدُ
ءَابَآؤُنَا وَإِنَّنَا لَفِى شَكٍّ مِّمَّا تَدْعُونَآ إِلَيْهِ مُرِيبٍ ﴿٦٢﴾

**62** ആ ജനം ഘോഷിച്ചു: അല്ലയോ സ്വാലിഹ്! ഇതിനു മുമ്പ് ഞങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്ന ഒരാളായിരുന്നു നീ. ആ നീ ഇപ്പോൾ നമ്മുടെ പൂർവികർ ആരാധിച്ചുവന്ന ദൈവങ്ങളെ ആരാധിക്കുന്നതിൽനിന്ന് ഞങ്ങളെ വിലക്കുകയോ?! നീ പ്രബോധനം ചെയ്യുന്ന ആദർശത്തെക്കുറിച്ച് ഞങ്ങൾ സങ്കീർണമായ സന്ദേഹത്തിൽ തന്നെയാകുന്നു.

قَالَ يَٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَءَاتَىٰنِى مِنْهُ رَحْمَةً
فَمَن يَنصُرُنِى مِنَ ٱللَّهِ إِنْ عَصَيْتُهُۥ ۖ فَمَا تَزِيدُونَنِى غَيْرَ تَخْسِيرٍ ﴿٦٣﴾

**63** പ്രവാചകൻ സ്വാലിഹ് ജനത്തോടു ചോദിച്ചു: എന്റെ സമുദായമേ, നിങ്ങൾ ആലോചിച്ചു നോക്കിയിട്ടുണ്ടോ, ഞാൻ എന്റെ നാഥനിൽനിന്നുള്ള സുവ്യക്തമായ തെളിവിൽ നിലകൊള്ളുകയും അതോടൊപ്പം അവന്റെ സവിശേഷ കാരുണ്യം എനിക്ക് ലഭിച്ചിരിക്കുകയുമാണെങ്കിൽ പിന്നെ ഞാന

വനെ ധിക്കരിച്ചാൽ അല്ലാഹുവിന്റെ കോപത്തിൽ നിന്നെന്നെ രക്ഷിക്കാനാർക്കാണ് കഴിയുക?!

وَيَٰقَوْمِ هَٰذِهِۦ نَاقَةُ ٱللَّهِ لَكُمْ ءَايَةً فَذَرُوهَا تَأْكُلْ فِىٓ أَرْضِ ٱللَّهِ وَلَا
تَمَسُّوهَا بِسُوٓءٍ فَيَأْخُذَكُمْ عَذَابٌ قَرِيبٌ ﴿٦٤﴾

**64** എന്റെ സമുദായമേ, നിങ്ങൾക്ക് ദൃഷ്ടാന്തമായി അല്ലാഹുവിന്റെ ഒട്ടകമിതാ. അതിനെ അല്ലാഹുവിന്റെ ഭൂമിയിൽ സ്വതന്ത്രമായി മേഞ്ഞുനടക്കാൻ വിട്ടേക്കണം. ഒരിക്കലും ദ്രോഹിച്ചു പോകരുത്. ദ്രോഹിച്ചാൽ താമസിയാതെ നിങ്ങളെ ശിക്ഷ ബാധിക്കും.

فَعَقَرُوهَا فَقَالَ تَمَتَّعُوا۟ فِى دَارِكُمْ ثَلَٰثَةَ أَيَّامٍ ذَٰلِكَ وَعْدٌ غَيْرُ مَكْذُوبٍ
﴿٦٥﴾

**65** പക്ഷെ, അവരാ ഒട്ടകത്തെ കൊന്നുകളഞ്ഞു. അപ്പോൾ സ്വാലിഹ് മുന്നറിയിപ്പു നൽകി. ഇനി മൂന്നു നാൾ മാത്രം നിങ്ങൾക്കു നാട്ടിൽ സുഖിച്ചു മദിക്കാം. നീക്കുപോക്കില്ലാത്ത കാലനിർണയമാണിത്.

وَإِلَىٰ ثَمُودَ= സമൂദി(ദ് വർഗത്തി)ലേക്കു നിയോഗിച്ചു أَخَاهُمْ= അവരുടെ സഹോദരനെ
صَٰلِحًا= അതായത് സ്വാലിഹിനെ قَالَ= അദ്ദേഹം പ്രഘോഷിച്ചു يَٰقَوْمِ= എന്റെ സമുദായമേ
ٱعْبُدُوا۟ ٱللَّهَ= നിങ്ങൾ അല്ലാഹുവിന് അടിമപ്പെടുവിൻ
مَا لَكُم= നിങ്ങൾക്ക് ഇല്ല مِّنْ إِلَٰهٍ= ദൈവ(മേതും)ത്താൽ غَيْرُهُۥ= അവനല്ലാതെ
هُوَ أَنشَأَكُم= നിങ്ങളെ സൃഷ്ടിച്ചു(അവനാണ് നിങ്ങളെ ഉളവാക്കിയത്) مِّنَ ٱلْأَرْضِ= ഭൂമിയിൽനിന്ന്
وَٱسْتَعْمَرَكُمْ= അവൻ നിങ്ങളെ വസിപ്പി(ച്ചതും)ക്കുകയും ചെയ്തു فِيهَا= അതിൽ
فَٱسْتَغْفِرُوهُ= അതിനാൽ നിങ്ങൾ അവനോടു പാപമുക്തി തേടുവിൻ ثُمَّ= എന്നിട്ട്
تُوبُوٓا۟ إِلَيْهِ= അവങ്കലേക്കു (പശ്ചാത്തപിച്ചു) മടങ്ങിച്ചെല്ലുവിൻ إِنَّ رَبِّى= നിശ്ചയമായും എന്റെ നാഥൻ
قَرِيبٌ= സമീപസ്ഥനാകുന്നു مُّجِيبٌ= പ്രാർഥനക്കു ഉത്തരം നൽകുന്നവനായ
قَالُوا۟= (ആ ജനം) ഘോഷിച്ചു يَٰصَٰلِحُ= അല്ലയോ സ്വാലിഹ് قَدْ كُنتَ= തീർച്ചയായും നീ ആയിരുന്നു
فِينَا= ഞങ്ങളിൽ(ൾക്ക്) مَرْجُوًّا= പ്രതീക്ഷിക്കപ്പെടുന്നവൻ (വലിയ പ്രതീക്ഷ ഉണ്ടായിരുന്ന ഒരാൾ)
قَبْلَ هَٰذَآ= ഇതിനു മുമ്പ് أَتَنْهَىٰنَآ= നീ (ഇപ്പോൾ) ഞങ്ങളെ വിലക്കുകയോ!
أَن نَّعْبُدَ= നമ്മൾ ആരാധിക്കുന്നത്
مَا يَعْبُدُ ءَابَآؤُنَا= നമ്മുടെ പിതാക്കൾ (പൂർവികർ) ആരാധിച്ചു വന്ന (ദൈവങ്ങളെ)തിനെ
وَإِنَّنَا= തീർച്ചയായും ഞങ്ങൾ لَفِى شَكٍّ= സന്ദേഹത്തിൽ തന്നെയാണ്
مِّمَّا تَدْعُونَآ إِلَيْهِ= നീ ഞങ്ങളെ എന്തിലേക്ക് വിളിക്കുന്നുവോ അതിനെ
(പ്രബോധനം ചെയ്യുന്ന ആദർശത്തെ)ക്കുറിച്ച്
مُرِيبٍ= സങ്കീർണമായ قَالَ= അവൻ (പ്രവാചകൻ സ്വാലിഹ് ജനത്തോടു) പറഞ്ഞു
يَٰقَوْمِ= എന്റെ സമുദായമേ أَرَءَيْتُمْ= നിങ്ങൾ കണ്ടുവോ (ആലോചിച്ചു നോക്കിയോ)

إِن كُنتُ= ഞാൻ ആണെങ്കിൽ (നിലകൊള്ളുകയും) عَلَىٰ بَيِّنَةٍ= (സുവ്യക്തമായ) തെളിവിന്മേൽ

مِّن رَّبِّى= എന്റെ നാഥനിൽനിന്നുള്ള

وَءَاتَىٰنِى= (അതോടൊപ്പം എനിക്കു ലഭിച്ചിരിക്കുകയുമാണെങ്കിൽ) വരികയും ചെയ്തുവെങ്കിൽ

مِنْهُ= അവനിൽനിന്ന്

رَحْمَةً= (സവിശേഷമായ) കാരുണ്യം

فَمَن يَنصُرُنِى مِنَ ٱللَّهِ= ആരാണ് അല്ലാഹുവിൽനിന്ന് എന്നെ സഹായിക്കുക (പിന്നെ അല്ലാഹുവിന്റെ കോപത്തിൽനിന്ന് എന്നെ രക്ഷിക്കാനാർക്കാണ് കഴിയുക)

إِنْ عَصَيْتُهُۥ= പിന്നെ, ഞാൻ അവനെ ധിക്കരിച്ചാൽ

فَمَا تَزِيدُونَنِى= (മറ്റ്) എന്താണ് നിങ്ങൾ എനിക്ക് വർധിപ്പിച്ചു തരിക

غَيْرَ تَخْسِيرٍ= (കഷ്ടനഷ്ടങ്ങളല്ലാതെ) നഷ്ടമല്ലാതെ وَيَٰقَوْمِ= എന്റെ സമുദായമേ

هَٰذِهِۦ= ഇതാ نَاقَةُ ٱللَّهِ= അല്ലാഹുവിന്റെ ഒട്ടകം لَكُمْ= നിങ്ങൾക്ക് ءَايَةً= ഒരു ദൃഷ്ടാന്തമായി

فَذَرُوهَا= അതിനെ(സ്വതന്ത്രമായി) വിട്ടേക്കണം

تَأْكُلْ فِىٓ أَرْضِ ٱللَّهِ= (മേഞ്ഞുനടക്കാൻ) അത് അല്ലാഹുവിന്റെ ഭൂമിയിൽ തിന്നാൻ

وَلَا تَمَسُّوهَا بِسُوٓءٍ= (ഒരിക്കലും ദ്രോഹിച്ചു പോകരുത്) അതിനെ നിങ്ങൾ ദോഷമായി തൊടരുത്

فَيَأْخُذَكُمْ= (ദ്രോഹിച്ചാൽ) അപ്പോൾ നിങ്ങളെ ബാധിക്കും عَذَابٌ= ശിക്ഷ

قَرِيبٌ= (താമസിയാതെ) അടുത്ത

فَعَقَرُوهَا= (ആ ഒട്ടകത്തെ കൊന്നു കളഞ്ഞു) കശാപ്പുചെയ്തു (പക്ഷെ) അവർ അതിനെ

فَقَالَ= (സ്വാലിഹ് മുന്നറിയിപ്പു നൽകി) അപ്പോൾ അദ്ദേഹം പറഞ്ഞു

تَمَتَّعُوا۟= (നിങ്ങൾക്ക് സുഖിച്ചു മദിക്കാം) നിങ്ങൾ സുഖിക്കുവിൻ فِى دَارِكُمْ= നിങ്ങളുടെ വീ(നാ)ട്ടിൽ

ثَلَٰثَةَ أَيَّامٍ= (മാത്രം) (ഇനി) മൂന്നുനാൾ ذَٰلِكَ= അത് وَعْدٌ= കാലനിർണയം, വാഗ്ദാനം ആകുന്നു

غَيْرُ مَكْذُوبٍ= (നീക്കുപോക്കില്ലാത്ത) കളവാക്കപ്പെടാത്ത

**61:** നൂഹ് നബിക്കു ശേഷം മനുഷ്യകുലത്തിൽ ആഗതനായ മൂന്നാമത്തെ പ്രവാചകനായിട്ടാണ് സ്വാലിഹ് നബി(അ) എണ്ണപ്പെടുന്നത്. രണ്ടാമൻ ഹൂദ്(അ) ആയിരുന്നു. നേരത്തെ സൂചിപ്പിച്ചതു പോലെ ഇത് ഒരു നിഗമനമാണ്. ഖണ്ഡിതമായ തെളിവൊന്നുമില്ല. സ്വാലിഹ് നബിയെയും അദ്ദേഹത്തിന്റെ ഗോത്രമായ സമൂദിനെയും കുറിച്ച് നേരത്തെ സൂറ *അൽഅഅ്റാഫ്* 73–79 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. *ഖുർആൻ ബോധനം* അവരുടെ ചരിത്രസംഗ്രഹം അവിടെ ഉദ്ധരിച്ചിരിക്കുന്നു. *അൽഹിജ്ർ, അശ്ശുഅറാഅ്, അന്നംല്, അൽഖമർ, അശ്ശംസ്, അദ്ദാരിയാത്ത്, അന്നജ്മ്* എന്നീ സൂറകളിലും ഇവരെ പരാമർശിക്കുന്നുണ്ട്. സംഭവം ഒന്നുതന്നെയാണെങ്കിലും ഓരോ സന്ദർഭത്തിലും ആ സന്ദർഭത്തിനിണങ്ങുന്ന പാഠം ചൂണ്ടിക്കാണിക്കാനാണ് ആവർത്തിച്ചുദ്ധരിക്കുന്നത്. അജ്ഞരും അന്ധവിശ്വാസികളുമായ ജനങ്ങൾ സത്യപ്രവാചകന്മാരെ നിഷേധിക്കുന്നതിൽ പുലർത്തുന്ന സ്വഭാവൈക്യവും തൽഫലമായുണ്ടാകുന്ന വിനാശവും തുറന്നുകാണിക്കുന്ന ഉദാഹരണങ്ങളുടെ ഭാഗമായിട്ടാണ് ഈ സന്ദർഭത്തിൽ ഈ കഥ അനുസ്മരിക്കുന്നത്.

സമൂദ് വർഗം അവരുടെ കാലത്ത് ഏറെ നാഗരിക പുരോഗതി പ്രാപിച്ച സമൂഹമായിരുന്നു. സൂറ *അൽഅഅ്റാഫിൽ* വ്യക്തമാക്കിയിട്ടുള്ളതുപോലെ അവരുടെ നാഗരികതയുടെ അവശിഷ്ടങ്ങൾ ആ പ്രദേശത്ത് ഇപ്പോഴും ചിതറിക്കിടക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പിൽക്കാല അറബികൾക്ക് ആ ജനതയുടെ പുരോഗതി സുപരിചിതമായിരുന്നു. സമ്പൽസമൃദ്ധിയോ നാഗരിക പുരോഗതിയോ മാത്രം ഒരു ജനതയുടെ നിലനിൽപ് ഉറപ്പുനൽകുന്നില്ല. അതിന് സാമൂഹിക വ്യവസ്ഥിതി ധാർമികമായ അടിത്തറ

യിൽ സ്ഥാപിതമാവുക കൂടി ചെയ്യേണ്ടതുണ്ട്. ഈ അടിത്തറയുണ്ടെങ്കിൽ മാത്രമെ സമ്പത്തും മറ്റു ഭൗതിക ശക്തികളും അൽപം കുറഞ്ഞാൽ പോലും സമൂഹങ്ങൾക്ക് പിടിച്ചു നിൽക്കാൻ കഴിയൂ. ആധുനിക ചരിത്രത്തിലും ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം. കഴിഞ്ഞ ദശകങ്ങളിൽ സോവിയറ്റ് റഷ്യയും രണ്ടാം ലോക മഹായുദ്ധത്തിൽ ജപ്പാനും ജർമനിയുമെല്ലാം തകർന്നുപോയത് നാഗരിക നേട്ടങ്ങളുടെ കുറവു കൊണ്ടായിരുന്നില്ല. സമ്പൽ സമൃദ്ധിയുടെയും സൈനിക സന്നാഹങ്ങളുടെയും ബലത്തിൽ ലോകത്ത് എന്തക്രമമഴിച്ചുവിടാനും തങ്ങൾക്ക് അധികാരമുണ്ടെന്നഹങ്കരിക്കുന്ന മറ്റു സമൂഹങ്ങളെയും കാത്തിരിക്കുന്നത് അതുപോലുള്ള തകർച്ച തന്നെയാണ്. പുരാതന അറേബ്യയിലെ ഏറ്റവും വികസിതമായ സമൂഹമായിരുന്ന സമൂദ് ജനതയുടെയും സാമൂഹിക ക്രമം നൈതിക ധാർമിക മൂല്യങ്ങളിൽനിന്ന് മുക്തമായിരുന്നു. അവരെ മൂല്യവൽക്കരിക്കുന്നതിനുവേണ്ടി അല്ലാഹു സ്വാലിഹ് നബിയെ നിയോഗിച്ചു. സ്വാലിഹ് നബി ആ സമുദായത്തിലെ തന്നെ ഒരംഗമായിരുന്നു. ഹൂദ് നബിയെ വിശേഷിപ്പിച്ചതുപോലെ അവരുടെ സഹോദരൻ أَخَـاهُمْ എന്നാണ് ഖുർആൻ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. പ്രവാചകൻ അവർക്ക് അന്യനോ അപരിചിതനോ ആയിരുന്നില്ല; അദ്ദേഹത്തിന്റെ ജീവിതവും വ്യക്തിത്വവും നന്നായി അറിയാമായിരുന്നു എന്നാണതിന്റെ താൽപര്യം.

സ്വാലിഹ് നബിയുടെ മുഖ്യസന്ദേശം മുൻപ്രവാചകന്മാരുടേത് പോലെ, മനുഷ്യൻ അവന്റെ സ്രഷ്ടാവായ ഏകനായ അല്ലാഹുവിൽ വിശ്വസിച്ച് അവന്റെ ധർമശാസനങ്ങൾ അനുസരിച്ച് വാഴുക, അവനല്ലാതെ ദൈവമേതുമില്ല, ആകയാൽ അജ്ഞതയിലും അവിവേകത്താലും ചെയ്തുപോയ പാപങ്ങൾക്ക് മാപ്പു തേടിക്കൊണ്ട് അവനിലേക്ക് പശ്ചാത്തപിച്ചു മടങ്ങുക എന്നു തന്നെയായിരുന്നു. هُوَ أَنشَأَكُم مِّنَ ٱلْأَرْضِ وَٱسْتَعْمَرَكُمْ فِيهَا – അവനാണല്ലോ നിങ്ങളെ ഭൂമിയിൽ ഉളവാക്കിയതും വസിപ്പിച്ചതും– എന്ന വാക്യം ഏകദൈവത്തിൽ വിശ്വസിക്കുകയും അവന്നടിമപ്പെടുകയും ചെയ്യേണ്ടതിന്റെ ന്യായം ചൂണ്ടിക്കാണിക്കുകയാണ്. ഭൂമിയിൽ മനുഷ്യനെ സൃഷ്ടിച്ചു വസിപ്പിച്ചത് അല്ലാഹു –സാക്ഷാൽ ദൈവം– തന്നെയാണ് എന്ന കാര്യത്തിൽ സമൂദ് ജനതക്കും തർക്കമുണ്ടായിരുന്നില്ല. ഈ സത്യം അംഗീകരിക്കുന്നതിന്റെ അനിവാര്യ താൽപര്യമാണ് അല്ലാഹുവിനെ തന്നെ ആരാധിക്കുകയും അനുസരിക്കുകയും ചെയ്യുക എന്നത്. أَنشَأَ എന്ന പദം خلق (സൃഷ്ടിച്ചു) എന്നതിന്റെ പര്യായങ്ങളിലൊന്നാണ്. ഒരു വസ്തുവിന്റെ രൂപം നിർണയിച്ച് അതനുസരിച്ച് അതു നിർമിക്കുകയാണ് خلق. ഒരു വസ്തുവിനെ നിർമിച്ച് പരിപാലിച്ചു വളർത്തുകയാണ് إِنْشَاء. സംസ്കരിച്ചു, വികസിപ്പിച്ചു, വളർത്തി, പരിചരിച്ചു എന്നൊക്കെയാണ് استعمرയുടെ അർഥം. استعمر فيه എന്നാൽ അവിടെ താമസിപ്പിച്ചു എന്നും. കൃഷി ചെയ്തും കെട്ടിടം നിർമിച്ചും ഭൂമിയെ വികസിപ്പിക്കുന്നത് عمارة الأرض ആണ്. പള്ളി നിർമിക്കുന്നതും അതിൽ നമസ്കാരം നിലനിർത്തുന്നതും عمارة المسجد ആകുന്നു. ഈ സൂക്തത്തിലെ استعمر–أنشأ എന്നീ പ്രയോഗങ്ങൾ സൃഷ്ടിക്കുക, വസിപ്പിക്കുക എന്നീ അർഥങ്ങൾക്കപ്പുറം മനുഷ്യന്റെ വളർച്ചയെയും പുരോഗതിയെയും ഭൂമിയുടെ വികസ്വരതയെയും അതു പ്രയോജനപ്പെടുത്താനുള്ള മനുഷ്യന്റെ കഴിവിനെയുമെല്ലാം സൂചിപ്പിക്കുന്നതാണ്. അതായത് മനുഷ്യനെ പരിപാലിക്കുന്നതും വളർത്തിക്കൊണ്ടിരിക്കുന്നതും കൃഷിയിലൂടെയും വ്യവസായത്തിലൂടെയും മറ്റു നിർമിതികളിലൂടെയും ഭൂമിയെ വികസിപ്പിക്കാനുള്ള അറിവും കഴിവും നൽകിക്കൊണ്ട് അതിൽ വസിപ്പിക്കുന്നതും അല്ലാഹുവാണ്.

إِنَّ رَبِّى قَرِيبٌ مُّجِيبٌ എന്നവാക്യം 56–ാം സൂക്തത്തിലെ إِنَّ رَبِّى عَلَىٰ صِرَاطٍ مُّسْتَقِيمٍ എന്ന വാക്യത്തിന്റെ കുറെകൂടി തുറന്ന ഭാഷ്യമാണ്. അതായത് എന്റെ നാഥൻ നിങ്ങൾ ധരിച്ചിട്ടുള്ളതുപോലെ നിങ്ങൾക്കു അപ്രാപ്യവും അജ്ഞാതവുമായ ഏതോ വിദൂരതയിൽ വസിക്കുന്നവനല്ല. അവൻ നിങ്ങളുടെ കൂടെത്തന്നെയുണ്ട്. അവനെ പ്രാപിക്കാൻ നിങ്ങൾക്ക് ആരുടെയും മധ്യസ്ഥം ആവശ്യമില്ല. നിങ്ങൾക്ക് എപ്പോൾ എവിടെ നിന്നുവേണമെങ്കിലും അവനെ നേരിട്ടു വിളിക്കാം. അവൻ നിങ്ങളുടെ വിളി കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യും.

**62:** ഭാവിയിൽ കേമനായിത്തീരുമെന്നും മഹത്തായ കാര്യങ്ങൾ ചെയ്ത് കുടുംബത്തിന്റെയും ഗോത്രത്തിന്റെയും യശസ്സുയർത്തുമെന്നും പ്രതീക്ഷിക്കപ്പെടുന്ന വ്യക്തിയാണ് مَرْجُوًّا കൊണ്ട് വിവക്ഷ. പ്രവാചകന്മാർ എപ്പോഴും ശുദ്ധ പ്രകൃതിയുടെ ഏറ്റം തെളിഞ്ഞ മാതൃകകളായിരിക്കും. പ്രവാചകത്വ ദൗത്യം തുടങ്ങുന്നതുവരെ ആളുകൾ അവരെ പൂർണമായി അംഗീകരിക്കുകയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ജനം അവരുടെ പ്രബോധനം സാവകാശം ചിന്തിച്ചു മനസ്സിലാക്കി സ്വീകരിക്കുന്നതിനും പിൻപറ്റുന്നതിനും വേണ്ടിയാണ് സ്വഭാവത്തിലും പെരുമാറ്റത്തിലും മാതൃകായോ

ഗ്യരായ വ്യക്തിത്വങ്ങളെത്തന്നെ പ്രവാചകന്മാരായി നിയോഗിക്കുന്നത്. പക്ഷേ അന്ത്യപ്രവാചകൻ മുഹമ്മദ് നബി അടക്കം പല പ്രവാചകന്മാരും അവരുടെ ദൈവിക ദൗത്യം ആരംഭിച്ചതോടുകൂടി അവരെക്കുറിച്ച് ജനങ്ങൾക്കുണ്ടായിരുന്ന മതിപ്പും സ്നേഹവും നേർ വിപരീതമാകുന്ന വിചിത്രമായ കാഴ്ചയാണ് ചരിത്രം നമുക്ക് കാണിച്ചു തരുന്നത്. തുടർന്ന് പ്രവാചകന്മാർ അവരുടെ കണ്ണിൽ ഭ്രാന്തനും വഞ്ചകനും സ്വാർഥ മൂർത്തിയും വ്യാജനുമൊക്കെ ആയിത്തീരുന്നു. അപൂർവം ചിലർക്കേ പ്രവാചക സന്ദേശം ചിന്തിച്ചുൾക്കൊള്ളാനും പിന്തുടരാനും ഉതവി ലഭിക്കാറുള്ളൂ.

പ്രവാചക ദൗത്യം ആരംഭിക്കുന്നതുവരെ സമൂദ് ഗോത്രത്തിന് സ്വാലിഹിനോട് വലിയ മതിപ്പും സ്നേഹവുമായിരുന്നു. ഭാവിയിൽ തങ്ങളുടെ യശസ്സും പ്രതാപവും വർധിപ്പിക്കുന്ന പല സേവനങ്ങളും ചെയ്യാൻ അദ്ദേഹത്തിനു കഴിയുമെന്ന് അവർ പ്രതീക്ഷിച്ചു. പക്ഷേ, സ്വാലിഹ്, പ്രവാചകൻ എന്ന നിലക്ക് ഏകദൈവ വിശ്വാസം ഉദ്ഘോഷിക്കുകയും ബഹുദൈവ വിശ്വാസത്തെ നിരാകരിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടു വന്നതോടെ ആ പ്രതീക്ഷകളെല്ലാം പൊലിഞ്ഞുപോയി. അവർ പരിതപിച്ചു: ഓ, സ്വാലിഹ് നിന്നിൽ ഞങ്ങൾക്ക് എന്തൊക്കെ സ്വപ്നങ്ങളുണ്ടായിരുന്നു!! നീ നമ്മുടെ രാജ്യത്തിന്റെയും ജനങ്ങളുടെയും ദേശീയ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയുമെല്ലാം അന്തസ്സും അലങ്കാരവും വർധിപ്പിക്കുകയും ഗോത്രത്തിന്റെ ഭാവിയെ കൂടുതൽ പുഷ്കലമാക്കുകയും ചെയ്യുമെന്ന് ഞങ്ങൾ ന്യായമായും പ്രതീക്ഷിച്ചിരുന്നു, ആഗ്രഹിച്ചിരുന്നു. ആ നീയാണല്ലോ നമ്മുടെ പിതാക്കളും പ്രപിതാക്കളും പൂജിച്ചുവന്ന ദൈവങ്ങളെ തള്ളിപ്പറഞ്ഞുകൊണ്ട് ഒരു ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന് പറയുന്നത്?! സഹോദരാ, നീ എന്തിനാണ് ഇങ്ങനെയൊരു വഴിവിട്ട വാദവുമായി മുന്നോട്ടു വന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. നീ പ്രഘോഷണം ചെയ്യുന്ന സന്ദേശത്തെക്കുറിച്ചും ഞങ്ങൾ വലിയ ആശയക്കുഴപ്പത്തിലാണ്.

أَتَنْهَانَآ أَن نَّعْبُدَ എന്ന വാക്യത്തിന്റെ യഥാർഥ രൂപം عَنْ أَنْ نَّعْبُدَ എന്നാണ്. عن ഇവിടെ നിരുക്തമായിരിക്കുന്നു. مِّمَّا تَدْعُونَآ إِلَيْهِ നീ ഞങ്ങളെ ക്ഷണിക്കുന്ന ആദർശത്തെക്കുറിച്ച് എന്നതുകൊണ്ടുദ്ദേശ്യം ഏകദൈവവിശ്വാസവും ആരാധനയുമാണ്. شَكٍّ (സന്ദേഹം) ന്റെ പര്യായമായ ريب ൽ നിന്നുള്ള സകർമകക്രിയയായ أراب യുടെ കർതൃപദമാണ് مُرِيبٍ. സംശയിപ്പിക്കുന്നത് എന്നർഥം. അസ്വാസ്ഥ്യവും ചാഞ്ചല്യവുമുണ്ടാക്കുന്ന സംശയമാണ് رَيْب. ഒരാളെ അസ്വസ്ഥനാക്കി ആശയക്കുഴപ്പത്തിലാക്കി എന്ന അർഥത്തിൽ أَرَابَهُ എന്നു പറയും. ജനങ്ങളുടെ പ്രതീക്ഷക്ക് വിരുദ്ധമായി സ്വാലിഹ് പൈതൃക സംസ്കാരത്തെ നിഷേധിക്കുന്ന ആദർശവുമായി രംഗത്തുവന്നതെന്തിനെന്നു മനസിലാകുന്നില്ലെന്നു മാത്രമല്ല, ആ മനസിലാകായ്ക ജനങ്ങളെ വല്ലാതെ അസ്വസ്ഥരാക്കുകയും ചെയ്യുന്നു എന്ന് കുറിക്കാനാണ് شَكٍّ നെ مُرِيبٍ എന്ന് വിശേഷിപ്പിച്ചത്.

**63:** ഈ സൂക്തം നേരത്തെ വന്ന 17-ാം സൂക്തത്തിന്റെയും 28-ാം സൂക്തത്തിന്റെയും ചില പാഠഭേദങ്ങളോടെയുള്ള ആവർത്തനമാണ്. 17-ാം സൂക്തത്തിൽ മുഹമ്മദ് നബി(സ)യും 28-ാം സൂക്തത്തിൽ നൂഹ്(അ)യുമാണ് ഇപ്രകാരം പ്രസ്താവിക്കുന്നത്. എല്ലാ പ്രവാചകന്മാരുടെയും പ്രബോധന രീതികൾ തമ്മിലുള്ള സാമ്യത്തിന്റെ നിദർശനമാണിത്. സൂക്തത്തിന്റെ ആശയം *ഖുർആൻ ബോധനം* മേൽപറഞ്ഞ സൂക്തങ്ങൾക്കു താഴെ വിശദീകരിച്ചിരിക്കുന്നു. ചുരുക്കമിതാണ്: ജനങ്ങളേ, ഞാൻ നിങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുന്ന ആദർശം എന്റെ പ്രകൃതിയുടെ താൽപര്യമാണെന്നതിനു പുറമെ അല്ലാഹു ദിവ്യബോധനത്തിലൂടെ എന്നെ നേരിട്ടു പഠിപ്പിച്ചിട്ടുള്ളതുമാകുന്നു. ഞാൻ അത് കൈവെടിഞ്ഞ് മറ്റേതെങ്കിലും വിശ്വാസാചാരങ്ങൾ കൈക്കൊണ്ടാൽ അല്ലാഹുവിന്റെ പിടുത്തത്തിൽനിന്ന് എന്നെ രക്ഷിക്കാൻ ആരുമുണ്ടാവില്ല. ഈ സത്യമതം തള്ളിക്കളഞ്ഞ് നിങ്ങളുടെ ഇംഗിതത്തിനു വഴങ്ങി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്വീകരിക്കുകയാണെങ്കിൽ എന്റെ ദൗർഭാഗ്യത്തിനും പരാജയത്തിനും ആക്കം കൂട്ടാനല്ലാതെ അല്ലാഹുവിന്നെതിരെ എനിക്ക് ഒരു സഹായവും നൽകാൻ നിങ്ങൾക്കാവില്ല; ഇതാണ് فَمَا تَزِيدُونَنِي غَيْرَ تَخْسِيرٍ ന്റെ ആശയം. അതിലെ ما യെ ചോദ്യസൂചകമായും നിഷേധസൂചകമായും എടുക്കാവുന്നതാണ്. നിഷേധസൂചകമാകുമ്പോൾ കഷ്ടനഷ്ടങ്ങളല്ലാതെ മറ്റൊന്നും എനിക്ക് വർധിപ്പിച്ചു തരാൻ നിങ്ങൾക്കാവില്ല എന്നാകും അർഥം. زَادَ ക്കു വർധിപ്പിച്ചു, പോഷിപ്പിച്ചു എന്നും ആവശ്യപ്പെട്ടു (طلب) എന്നും അർഥമുണ്ട്. خسر (നഷ്ടം) ൽനിന്നുള്ളതാണ് تَخْسِيرٍ. വെട്ടിക്കുറക്കുക, നഷ്ടപ്പെടുത്തുക എന്നും പിഴപ്പിക്കുക എന്നും ഇതിനർഥമുണ്ട്. രണ്ടർഥത്തെയും ഉൾക്കൊണ്ടുകൊണ്ടാണ് കഷ്ടനഷ്ടം എന്ന് തർജമ ചെയ്തത്. നിങ്ങളെ പിന്തുടരുന്നതിലൂടെ എന്നെ വഴി തെറ്റിക്കുകയോ നഷ്ടത്തിലകപ്പെടുത്തുകയോ അല്ലാതെ മറ്റൊന്നുമല്ല നിങ്ങൾ തേടുന്നത് -تضليل او إيقاع فى الخسران

فما تطلبون منّى باتباعكم غير – എന്നും ചില വ്യാഖ്യാതാക്കൾ അർഥം നൽകിയിട്ടുണ്ട്.

**64–65:** പ്രവാചകത്വം സ്ഥിരപ്പെടുത്താൻ ദിവ്യാത്ഭുതം **معجزة** കാണിക്കണമെന്ന ആവശ്യത്തിനുമുള്ള മറുപടിയാണിത്. ദിവ്യാത്ഭുതമായി ഒട്ടകത്തെ അവതരിപ്പിച്ചതും സമൂദ് വർഗം ധിക്കാരപൂർവം അതിനെ കശാപ്പുചെയ്തുകൊണ്ട് ഉന്മൂലനാശത്തെ സ്വയം ക്ഷണിച്ചു വരുത്തിയതും സൂറ *അൽ അഅ്റാഫ്* 73 മുതൽ 79 വരെ സൂക്തങ്ങളിൽ ചില പാഠഭേദങ്ങളോടെ പ്രസ്താവിച്ചിട്ടുണ്ട്. വിശദീകരണം *ഖുർആൻബോധനം* പ്രസ്തുത സൂക്തങ്ങൾക്ക് താഴെ കാണുക. 'ഒട്ടകത്തെ കശാപ്പു ചെയ്തുകൊണ്ട് നീ പറഞ്ഞ ദൈവശിക്ഷ വരുന്നതൊന്നു കാണട്ടെ' എന്ന് സമൂദുകാർ സ്വാലിഹ് നബിയെ വെല്ലുവിളിച്ചതായി അവിടെ പറഞ്ഞത് ഇവിടെ പരാമർശിക്കുന്നില്ല. ഒട്ടകത്തെ കശാപ്പു ചെയ്തപ്പോൾ, ഇനി മൂന്നുദിവസമേ നിങ്ങൾക്ക് സുഖിച്ചു മദിക്കാൻ അവസരമുള്ളൂ എന്ന് സ്വാലിഹ്(അ) നൽകിയ മുന്നറിയിപ്പ് അവിടെയും പരാമർശിച്ചിട്ടില്ല. രണ്ടും ചേർത്തുവായിക്കുമ്പോൾ മനസ്സിലാകുന്നതിങ്ങനെയാണ്: ഒട്ടകത്തെ കശാപ്പു ചെയ്തുകൊണ്ട് നാട്ടുകാർ സ്വാലിഹ് നബിയെ വെല്ലുവിളിച്ചു: കാണട്ടെ, നീ ഭീഷണിപ്പെടുത്തിയ ദൈവശിക്ഷ! അതിനിയും വരുന്നില്ലെങ്കിൽ നീ കള്ളനും ചതിയനുമാണെന്നതിന്റെ ദൃഷ്ടാന്തമായിത്തീരും നിന്റെ ഒട്ടകം. അതിനു പ്രവാചകൻ മറുപടി നൽകി: അക്ഷമരാകേണ്ട, ഞാൻ മുന്നറിയിപ്പു തന്ന ശിക്ഷ ഉടനെ വന്നെത്തും. ഇനി മൂന്നുദിവസം മാത്രമേ നിങ്ങൾ ഈ നാട്ടിൽ സുഖിച്ചു മദിക്കൂ. ഞാൻ നിങ്ങൾക്ക് വാഗ്ദത്തം ചെയ്യുന്ന ഈ കാലാവധിക്കു ഒരു മാറ്റവുമുണ്ടാവില്ല. غَيْرُ مَكْذُوبٍ കളവാക്കപ്പെടുന്നതല്ലാത്തത് എന്നാണ് മൂലവാക്ക്. നിർണയിച്ച കാര്യത്തിൽ നിർണിത രീതിയിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള വ്യത്യാസമുണ്ടാകുമ്പോഴാണ് നിർണയം കളവായിത്തീരുക. അങ്ങനെ സംഭവിക്കില്ല അഥവാ നിർണയത്തിൽ യാതൊരു നീക്കുപോക്കുമുണ്ടാവില്ല. ആർക്കും അതിനെ തടയാനോ തിരിച്ചു വിടാനോ സാധ്യമല്ല എന്നാണ് ഇവിടെ വിവക്ഷ. ■